## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5255 1/07/2014-ൽ മറുപടിക്ക്

# അപേക്ഷിക്കുന്നവർക്കെല്ലാം ഉടൻ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>,, വി.റ്റി. ബൽറാം<br>,, എം.എ. വാഹീദ്<br>,, വി.പി. സജീന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നവർക്കെല്ലാം ഉടൻ തന്നെ കണക്ഷൻ നൽകാനുള്ള എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ബി) ഇതിനായി ഏതെല്ലാം പദ്ധതികളാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;<br><br>(സി) അപേക്ഷിക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ച പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ)യും (ബി)യും (സി)യും (ഡി)യും<br><br>സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ട് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (ആർ.ജി.ജി.വി.വൈ.) പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ കണക്ടഡ് ലോഡ് പരിധിയില്ലാതെ എല്ലാ ബി.പി.എൽ. അപേക്ഷകർക്കും കണക്ടഡ് ലോഡ് 1000 വാട്ട്സിൽ താഴെയുള്ള എസ്സ്.സി/എസ്സ്.റ്റി. വിഭാഗക്കാർക്കും ബോർഡ് സൗജന്യമായി ഗാർഹിക കണക്ഷനുകൾ നൽകി വരുന്നു. കൂടാതെ മറ്റു വിഭാഗക്കാർക്ക് ആർ.ജി.ജി.വി.വൈ. പദ്ധതിയിൽപ്പെടുത്തി ഒ.എച്ച്.ലൈനുകൾ നിർമ്മിച്ച് വെതർ പ്രൂഫ് കണക്ഷനു വേണ്ട തുക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകി വരുന്നു. ആർ.ജി.ജി.വി.വൈ. പദ്ധതി ഇല്ലാത്ത മേഖലകളിൽ കണക്ടഡ് ലോഡ് 500 വാട്ട്സിൽ താഴെയുള്ള എല്ലാ ബി.പി.എൽ. അപേക്ഷകർക്കും 1000 വാട്ട്സിൽ താഴെയുള്ള എസ്സ്.സി/എസ്സ്.റ്റി. വിഭാഗക്കാർക്കും ലൈന് നീട്ടൽ ഉൾപ്പെടെയുള്ള ഗാർഹിക കണക്ഷനുകൾ നൽകുവാൻ പുതിയതായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 മെയ് വരെ 12,51,087 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**